# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6873

10/07/2014 - ൽ മറുപടിക്ക്

### കൊല്ലം-കോട്ടപ്പുറം ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കൊല്ലം-കോട്ടപ്പുറം ജലപാതയുടെ പൂർത്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും മേൽ നോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI) ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ദേശീയ ജലപാത നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും സ്വീകരിക്കേണ്ട നടപടികൾ IWAI അധികൃതർ ആവശ്യപ്പെടുന്ന പ്രകാരം സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു.<br>ഈ പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ ഭാഗമായി ദേശീയ ജലപാതയുടെ ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമല്ലാതെ വരുന്ന സാഹചര്യങ്ങളിൽ, IWAI അധികൃതർ ആവശ്യപ്പെടുമ്പോൾ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, റവന്യൂ അധികാരികൾ, ജില്ലാ കളക്ടർമാർ എന്നിവരുടെ സഹായത്തോടെ ആയതിന് സ്ഥലം കണ്ടെത്തി നൽകാറുണ്ട്. ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീന വലകൾ ഊന്നി വലകൾ എന്നിവ നഷ്ടപരിഹാരം നൽകി നീക്കം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനു പുറമെ ഈ പദ്ധതിയുടെ ഭാഗമായുള്ള പണികൾ IWAI ക്ക് നടത്തുവാൻ |

വിഘാതമായി നിൽക്കുന്ന ക്രമസമാധാനപ്രശ്ന ങ്ങൾക്കും സംസ്ഥാന സർക്കാർ ഇടപെട്ട് പരിഹാരം കണ്ടെത്താറുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഈ സർക്കാർ ചെലവഴിച്ച തുകയെത്രയെന്നും എന്താവശ്യത്തിനുവേണ്ടിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്നും പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

(സി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ആവശ്യമായ എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന കേന്ദ്ര സർക്കാർ സ്ഥാപനമായ **IWAI** വഴി **2014** ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴം കൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗ തടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നി വലകൾ എന്നിവയും, കൊല്ലം ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടി കൂടിയ പ്രതലം (**Under Water Lateritebed**)മുതലായവയാണ് പണി പൂർത്തീകരിക്കുവാൻ കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ.

Shams

സെക്ഷൻ ഓഫീസർ